## ഡോക്ടർ @ ഹോം

## രോഗികൾക്കാശ്വാസമായി കണ്ണൂരിൽ വിളിപ്പുറത്തുണ്ട് ഡോക്ടറുടെ സേവനം

അസുഖബാധിതർക്കും ജീവിതശൈലീ രോഗങ്ങൾ ഉള്ളവർക്കും മരുന്നും മറ്റ് വൈദ്യ സഹായങ്ങളും മുടങ്ങാതെ ലഭ്യമാക്കാൻ കണ്ണൂർ ജില്ലയിൽ പന്ന്യന്നൂർ കുടുംബശ്രീ സി.ഡി.എസ് മുഖേന നടപ്പാക്കുന്ന നൂതനസേവന മാതൃക ഡോക്ടർ @ ഹോം ശ്രദ്ധേയമാകുന്നു. കോവിഡ്19 പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി ലോക്ക് ഡൗൺ ഏർപ്പെടുത്തിയതോടെ രോഗികൾക്ക് നേരിടുന്ന ബുദ്ധിമുട്ടൊഴിവാക്കുന്നതിനാണ് പന്ന്യന്നൂർ കുടുംബശ്രീ സി.ഡി.എസ് ഇത്തരമൊരു ആശയവുമായി മുന്നോട്ടു വന്നത്. രോഗികൾക്ക് നേരിട്ട് വൈദ്യസഹായം ലഭ്യമാക്കുന്നതിന് നിയന്ത്രണങ്ങൾ വന്നതോടെ കുടുംബശ്രീയുടെ നേതൃത്വത്തിൽ രോഗികൾക്ക് ആശ്വാസമാകുന്ന പുതിയ സംരംഭമൊരുക്കുകയായിരുന്നു കുടുംബശ്രീ.

കുടുംബശ്രീയും തദ്ദേശ സ്ഥാപനവും ആരോഗ്യവകുപ്പും സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്. പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോ.രമ്യ (മെഡിക്കൽ ഓഫീസർ), ഡോ.പ്രത്യുഷ്, ഡോ.അതുല്യ, കൂത്തുപറമ്പ് നഗരസഭയിലെ വയോമിത്രം ക്ളിനിക്കിലെ ഡോക്ടർ ഷബ്ന, വെറ്ററിനറി ഡോക്ടർ നിഷ എന്നിവരെ കൂടാതെ നഴ്സുമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ്, പന്ന്യന്നൂർ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, കുടുംബശ്രീ സി.ഡി.എസ്, എ.ഡി.എസ് , അയൽക്കൂട്ട അംഗങ്ങൾ എന്നിവർ ഉൾപ്പെട്ട വാട്ട്സാപ് ഗ്രൂപ്പ് രൂപീകരിച്ചു കൊണ്ടാണ് ഡോക്ടർ @ ഹോം പദ്ധതി പ്രവർത്തനങ്ങൾ. നിലവിൽ അയൽക്കൂട്ട കുടുംബങ്ങളിലും അല്ലാതെയുമുള്ള ഇരുനൂറോളം പേർ ഇതിൽ അം ഗങ്ങളാണ്.

കഴിച്ചു കൊണ്ടിരിക്കുന്ന മരുന്നുകൾ തീർന്നു പോയവർക്ക് അതു തുടരുന്നതു സംബന്ധിച്ച സംശയങ്ങൾ, അലർജി പോലുള്ള അസുഖങ്ങൾ, ജീവിതശൈലീ രോഗങ്ങൾ എന്നിവ സംബന്ധിച്ച എല്ലാ സംശയങ്ങളും ഡോക്ടർമാരോട് വാട്ട്സാപ് ഗ്രൂപ്പ് വഴി ചോദിക്കാം. രാവിലെ ഒമ്പതു മണി മുതൽ അഞ്ചു വരെയാണ് ഒ.പി സമയം എങ്കിലും അതിനു ശേഷവും ചികിത്സ സംബന്ധിച്ച സംശയങ്ങളുമായി വിളിക്കുന്നവർക്ക് ആവശ്യമായ നിർദേശങ്ങൾ ഡോക്ടർമാർ അപ്പോൾ തന്നെ നൽകാറുണ്ട്. മരുന്നുകൾ തീർന്നു പോയവർക്ക് അത് ആശുപത്രിയിൽ ലഭ്യമാണോ എന്ന് വാട്ട്സാപ് വഴി ഡോക്ടറോടു ചോദിക്കാം. മരുന്നു ലഭ്യമാണെങ്കിൽ അപ്പോൾ തന്നെ ആശാവർക്കർമാർ വഴി രോഗിയുടെ വീട്ടിലെത്തിക്കും. അവശ്യമെങ്കിൽ ഡോക്ടർ വീട്ടിലെത്തി രോഗിയെ പരിശോധിച്ച് മരുന്നുകൾ നൽകും. ഇതു കൂടാതെ ഫോണിലൂടെ ചികിത്സയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിക്കുന്നവർക്ക് മരുന്നു കഴിക്കേണ്ട വിധവും മറ്റ് കാര്യങ്ങളിലും ഡോക്ടർ നിർദേശം നൽകും. കൂടുതൽ വിദഗ്ധ ചികിത്സ ആവശ്യമുള്ളവരെ രോഗത്തിന്റെ ഗൗരവമനുസരിച്ച് മെഡിക്കൽ കോളേജിലേക്കോ മറ്റ് ആശുപത്രികളിലേക്കോ റഫർ ചെയ്യും.

കുടുംബശ്രീയുടെ സാന്ത്വനം പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന രണ്ട് വോളന്റിയർമാർ രോഗികൾ ആവശ്യപ്പെടുന്ന മുറ□ അവരുടെ വീടുകളിൽ പോയി പ്രഷർ, ഷുഗർ, കൊളസ്ട്രോൾ എന്നിവ പരിശോധിച്ച് കൃത്യമായ പരിശോധനാഫലം നൽകുന്നത് ചികിത്സ□ സഹായകമാകുന്നുണ്ട്. ആകെ 15 വാർഡുകളുള്ള പഞ്ചായത്തിൽ മൂവായിരത്തിലേറെ അയൽക്കൂട്ട കുടുംബങ്ങളുണ്ട്. പുതിയ വാട്ട്സാപ്

കൂട്ടായ്മ നിലവിൽ വന്നതോടെ സാധാരണക്കാരായ നിരവധി പേരാണ് ഇതിന്റെ പ്രയോജനം നേടുന്നത്.

പൊതുജനങ്ങൾക്ക് വെറ്ററിനറി ഡോക്ടറുടെ സേവനവും കുടുംബശ്രീ സി.ഡി.എസ് ഈ പദ്ധതിയിലൂടെ ലഭ്യമാക്കുന്നു. ബ്രോയ്‌ലർ ഫാമുകൾ നടത്തുന്ന കർഷകർക്ക് ആവശ്യമായ സഹായങ്ങൾ ഇതുവഴി ലഭ്യമാക്കുന്നു. കൂടാതെ വളർത്തുമൃഗങ്ങൾക്ക് വരുന്ന അസുഖങ്ങൾക്ക് ആവശ്യമായ മരുന്നും മറ്റ് ചികിത്സാ സഹായങ്ങളും വെറ്ററിനറി ഡോക്ടർ മുഖേന ലഭ്യമാക്കുന്നു. ഇതും പൊതുജനങ്ങൾക്ക് ഏറെ പ്രയോജനകരമാകുന്നുണ്ട്.